"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - പൊന്നാനി, നീണ്ടകര ഹാർബറുകളിൽ തീരമൈത്രി സീഫുഡ് റെസ്റ്റോറന്റുകൾക്കായി സാഫിന് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.755/2021/മ.തു.വ തീയതി,തിരുവനന്തപുരം, 20/12/2021

പരാമർശം:-

1. സ. ഉ. (സാധാ) നം.597/2020/മ. തു. വ. തീയതി 15/10/2020
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30/04/2021 ലെഎച്ച് ഇ സി ഇ/140/2021- എ4 നമ്പർ കത്ത് .
3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17/08/2021 ലെ എച്ച് ഇ സി ഇ/140/2021- എ4 നമ്പർ നടപടിക്രമം.
4. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07/10/2021, 29/11/2021 തീയതികളിലെ എച്ച് ഇ സി ഇ/140/2021- എ4 നമ്പർ കത്തുകൾ.

**ഉത്തരവ്**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിലുള്ള ഹാർബറുകളിലെ കെട്ടിടങ്ങളിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന തീരമൈത്രി സീഫുഡ് റെസ്റ്റോറന്റുകൾ ആരംഭിക്കുന്നതിന് അനുയോജ്യമെന്നു കണ്ടെത്തിയ കെട്ടിടങ്ങൾ സാഫ് യൂണിറ്റുകൾക്ക് സ്റ്റാൻഡേർഡ് റെന്റ് അടിസ്ഥാനത്തിൽ അനുവദിക്കണമെന്ന് ഫിഷറീസ് വകുപ്പ് ജോയിന്റ് ഡയക്ടർ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും റെസ്റ്റോറന്റ് ആരംഭിക്കുന്നതിനായി അനുയോജ്യമെന്ന് കണ്ടെത്തിയ കെട്ടിടങ്ങൾ ഇത്തരത്തിൽ സാഫിന് നൽകുന്നത് സർക്കാരിലേയ്ക്ക് റവന്യൂ വരുമാന വർദ്ധനവിനു സഹായിക്കുമെന്നതിനാൽ സ്റ്റാൻഡേർഡ് റെന്റ് പ്രകാരം പ്രതിമാസ വാടക ഈടാക്കി മേൽ കെട്ടിടങ്ങൾ സാഫ് യൂണിറ്റുകൾക്ക് കൈമാറി നൽകാവുന്നതാണ് എന്നും പരാമർ ശം ( 2 ) പ്രകാരം ചീഫ് എൻജിനീയർ ശിപാർശ ചെയ്തിരുന്നു. .

2 ) സാഫ്, ഫിഷറീസ് വകുപ്പിന്റെ അനുബന്ധ സ്ഥാപനമായതിനാലും തീരമൈത്രി സീഫുഡ് റെസ്റ്റോറന്റുകൾ ഹാർബറുകളിൽ ആവശ്യമായതിനാലും പൊന്നാനി, നീണ്ടകര എന്നീ ഹാർബറുകളിൽ തീരമൈത്രി സീഫുഡ് റെസ്റ്റോറന്റുകൾക്ക് അനുയോജ്യമെന്ന് കണ്ടെത്തിയ കെട്ടിടങ്ങൾ പ്രതിമാസം യഥാക്രമം 21,580/-രൂപ , 29,800/-രൂപ നിരക്കിൽ വാടക കണക്കാക്കി സാഫിന് വാടകയ്ക്ക് നൽകി കൊണ്ട് പരാമർശം (3) പ്രകാരം ചീഫ് എഞ്ചിനീയർ ഉത്തരവാകുകയും ടി നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർ ശം ( 4 ) പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്യുകയുണ്ടായി .

3 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാഫ്, ഫിഷറീസ് വകുപ്പിന്റെ അനുബന്ധ സ്ഥാപനമായതിനാലും തീരമൈത്രി സീഫുഡ് റെസ്റ്റോറന്റുകൾ ഹാർബറുകളിൽ ആവശ്യമായതിനാലും പൊന്നാനി, നീണ്ടകര എന്നീ ഹാർബറുകളിൽ തീരമൈത്രി സീഫുഡ് റെസ്റ്റോറന്റുകൾക്ക് അനുയോജ്യമെന്ന് കണ്ടെത്തിയ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കെട്ടിടങ്ങൾ പ്രതിമാസം യഥാക്രമം 21,580/-രൂപ , 29,800/- രൂപ നിരക്കിൽ വാടകയ്ക്ക് സാഫ് ഗ്രൂപ്പിന് അനുവദിച്ചു നൽകിയ ചീഫ് എഞ്ചിനീയറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമേഷ്.റ്റി
അഡിഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു. മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.